# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 20.04.2025**

### പ്രധാനവാർത്തകൾ

1. പ്രത്യാശയുടെ സന്ദേശവുമായി ലോകമെമ്പാടുമുള്ള വിശ്വാസികൾ ഇന്ന് ഈസ്റ്റർ ആഘോഷിക്കുന്നു; സംസ്ഥാനത്തെ ക്രൈസ്തവ ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും ശുശ്രൂഷകളും.

2. സംസ്ഥാന സർക്കാരിൻറെ നാലാം വാർഷികാഘോഷം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

3. ലഹരി ബന്ധത്തിൽ നടൻ ഷൈൻ ടോം ചാക്കോയെ നാളെ വീണ്ടും ചോദ്യം ചെയ്യും; ലഹരിക്കെതിരായ പോരാട്ടത്തിൽ ആർക്കും പ്രത്യേക പരിഗണയില്ലെന്ന് മന്ത്രി എം ബി രാജേഷ്.

4. സുപ്രീം കോടതിയുമായി ബന്ധപ്പെട്ട് പാർട്ടി എംപിമാർ നടത്തിയ പരാമർശങ്ങളെ തള്ളി ബി ജെ പി. ആവർത്തിക്കരുതെന്ന് നിർദ്ദേശം.

5. ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് ബംഗളൂരുവിനേയും, മുംബൈ- ചെന്നൈയെയും നേരിടും.

&&&&&&&&&&&&&&&&&&&&&&&&&&&

PNU TVPM

## പ്രധാനമന്ത്രി - സൗദി അറേബ്യ

പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ മാസം 22, 23 തീയതികളിൽ സൗദി അറേബ്യ സന്ദർശിക്കും. ഇതോടെ ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തമാകുമെന്ന് വിദേശകാര്യസെക്രട്ടറി വിക്രം മിസ്രി പറഞ്ഞു. പശ്ചിമേഷ്യയിലെ വിഷയങ്ങൾ, ഇന്ത്യ-ഗൾഫ്-യൂറോപ്പ് സാമ്പത്തിക ഇടനാഴി, സമുദ്ര സുരക്ഷ തുടങ്ങി വിഷയങ്ങൾ ചർച്ച ചെയ്യും. പ്രധാനമന്ത്രി മോദിയുടെ മൂന്നാമത്തെ സൗദി സന്ദർശനമാണിത്. നാളെ രാത്രി ഡൽഹിയിൽ നിന്ന് പുറപ്പെടുന്ന പ്രധാനമന്ത്രി മറ്റന്നാൾ പുലർച്ചെ ജെദ്ദയിലെത്തും. ജെദ്ദയിൽ കിരീടാവകാശിയും പ്രധാനമന്ത്രിയുമായ മുഹമ്മദ് ബിൻ സൽമാൻ രാജകുമാരനുമായി ചേർന്ന് തന്ത്ര പ്രധാന പങ്കളിത്ത കൗൺസിൽ യോഗത്തിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&&&&&&&

## സൗദി (ഇൻട്രോ )

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു ശേഷം 1947-ൽ ഔപചാരികമായി സ്ഥാപിതമായ ഇന്ത്യ-സൗദി അറേബ്യ നയതന്ത്ര ബന്ധം 78 വർഷത്തെ ചരിത്രത്തിലുടനീളം നിർണായക നാഴികക്കല്ലുകൾക്ക് സാക്ഷ്യംവഹിച്ചിട്ടുണ്ട്. 1955-ലെ കിംഗ് സൗദിന്റെ സന്ദർശനത്തിലാണ് തുടക്കമെങ്കിലും, കിംഗ് അബ്ദുള്ളയുടെ 2006-ലെ സന്ദർശനമായപ്പോൾ 21-ാം നൂറ്റാണ്ടിലെ സഹകരണത്തിനുള്ള അടിത്തറ പാകി. പ്രാദേശിക സ്ഥിരത, ഊർജ്ജ സുരക്ഷ, സാമ്പത്തിക സഹകരണം എന്നീ ഉഭയകക്ഷി താത്പര്യങ്ങൾക്ക് വിധേയമായി 2010-ൽ ഇരു രാജ്യങ്ങളുംബന്ധം തന്ത്രപരമായ പങ്കാളിത്തത്തിലേക്ക് ഉയർത്തി. ദുബായിൽ നിന്നും പ്രസാർഭാരതി പ്രതിനിധി വിനോദ് കുമാർ തയ്യാറാക്കിയ റിപ്പോർട്ട്.

(വോയ്സ്)

&&&&&&&&&&&&&&&&&&&&&&&&&&&

RNU TVPM

## ഈസ്റ്റർ

ഉയിർപ്പിന്റെ പ്രത്യാശയിൽ ലോകമെങ്ങുമുള്ള ക്രൈസ്തവർ ഇന്ന് ഈസ്റ്റർ ആഘോഷിക്കുന്നു. പീഡാനുഭവങ്ങൾക്കും കുരിശുമരണത്തിനും ശേഷം യേശു ഉയിർത്തെഴുന്നേറ്റതിൻറെ ഓർമ പുതുക്കി ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും ശുശ്രൂഷയും നടന്നു. 50 നോമ്പ് പൂർത്തിയാക്കി, സ്നേഹസന്ദേശവുമായാണ് വിശ്വാസികൾ ഈസ്റ്റർ ആഘോഷിക്കുന്നത്.

&&&&&&&&&&&&&&&&&&&&&&&&&&&

## ഈസ്റ്റർ ആശംസ

യേശുക്രിസ്തുവിന്റെ ദർശനങ്ങൾ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പാത പിന്തുടരാൻ മനുഷ്യരാശിയെ പ്രചോദിപ്പിക്കുന്നുവെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു ആശംസ സന്ദേശത്തിൽ പറഞ്ഞു. ദുർബലരുടെ ക്ഷേമത്തിനായുള്ള പ്രതിബദ്ധത പുതുക്കാനും ഉപാധികളില്ലാത്ത സ്നേഹത്തിന്റെ സന്ദേശം ഉൾക്കൊള്ളാനും ഈ പുണ്യദിനം നമുക്ക് പ്രചോദനമേകുന്നതായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പറഞ്ഞു. ഈ പുണ്യ സന്ദർഭം ഓരോ വ്യക്തിയിലെയും പ്രത്യാശയെയും നവീകരണത്തെയും അനുകമ്പയെയും പ്രചോദിപ്പിക്കട്ടെ എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസിച്ചു. പാവപ്പെട്ടവരെയും നിരാലംബരെയും സേവിക്കാൻ ഓരോരുത്തരെയും ഈ ആഘോഷം പ്രചോദിപ്പിക്കുമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. ഈസ്റ്റർ, നന്മയ്ക്കും നീതിക്കും വേണ്ടിയുള്ള ഒരു പോരാട്ടവും വെറുതെയാകില്ലെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നതായും പുതിയ കേരളം കെട്ടിപ്പടുക്കുന്നതിനുള്ള കൂട്ടായ ശ്രമത്തിന് ഊർജ്ജം പകരുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&

PNU TVPM

## കണ്ണൂർ (ഇൻട്രോ)

യേശുക്രിസ്തുവിൻറെ ഉയിർത്തെഴുനേൽപ്പ് ദിനത്തിൽ കണ്ണൂർ ജില്ലയിലെ ദേവാലയങ്ങളിൽ അതിരാവിലെ മുതൽ തിരുകർമ്മങ്ങൾക്ക് തുടക്കമായി.
വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.
(വോയ്സ്)

&&&&&&&&&&&&&&&&&&&&&&&&&&&

## സുരേഷ് ഗോപി

ഈസ്റ്റർ ദിനത്തിൽ തൃശ്ശൂരിലെ പുത്തൻപള്ളിയും ഒല്ലൂർ പള്ളിയും കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി സന്ദർശിച്ചു. തൃശ്ശൂർ അതിരൂപത ബിഷപ്പ് ഹൌസിൽ എത്തിയ സുരേഷ് ഗോപിയെ ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് സ്വീകരിച്ചു. ഇരുവരും ഈസ്റ്റർ ആശംസകളും മധുരവും കൈമാറി. കോൺഗ്രസ് അധ്യക്ഷനായിരുന്ന ഏകമലയാളി ചേറ്റൂർ ശങ്കരൻനായരുടെ വീടും സുരേഷ്ഗോപി സന്ദർശിച്ചു. പ്രധാനമന്ത്രിയുടെ നിർദ്ദേശപ്രകാരമാണ് സന്ദർശനമെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&

## രാജീവ് ചന്ദ്രശേഖർ

ഈസ്റ്റർ ദിനത്തിൽ കർദിനാൾ മാർ ആലഞ്ചേരിയെ സന്ദർശിച്ച് ആശംസകൾ നേർന്ന് ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. പാളയം ലൂർദ് ഫൊറോന പള്ളിയിലെത്തിയാണ് അദ്ദേഹം ആലഞ്ചേരിയെ കണ്ടത്. അനൗപചാരിക കൂടിക്കാഴ്ചയായിരുന്നു ഇതെന്ന് കർദിനാൾ മാർ ആലഞ്ചേരി പറഞ്ഞു. വഖഫ് ബിൽ നടപ്പിലാകുന്നതോടെ മുനമ്പം പ്രശ്നത്തിൽ പരിഹാരം ഉണ്ടാകും എന്നാണ് വിശ്വാസമെന്ന് ശ്രീ രാജീവ് ചന്ദ്രശേഖർ മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&

## ജെ പി നഡ്ഡ

സുപ്രീം കോടതിയെയും ചീഫ് ജസ്റ്റിസിനെയും കുറിച്ച് പാർട്ടി എംപിമാരായ നിഷികാന്ത് ദുബെയും ദിനേശ് ശർമ്മയും നടത്തിയ

RNU TVPM

വിവാദ പരാമർശങ്ങൾ തള്ളി ബി ജെ പി. അത്തരം പരാമർശങ്ങൾ നടത്തരുതെന്ന് ഇരുവരോടും പാർട്ടി ആവശ്യപ്പെട്ടു. ജുഡീഷ്യറിയെ ബഹുമാനിക്കുകയും ഉത്തരവുകളും നിർദ്ദേശങ്ങളും സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്യുന്ന പാർട്ടിയാണ് ബി ജെ പി യെന്ന് ദേശീയാധ്യക്ഷൻ ജെ പി നഡ്ഡ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&&&&&&

## ലഹരി (ഇൻട്രോ)

ലഹരിക്കെതിരെ സംസ്ഥാനസർക്കാർ കർക്കശമായ നിലപാടുമായി മുന്നോട്ട് പോകുമെന്ന് മന്ത്രി എം ബി രാജേഷ്.പോലീസും എക്സൈസും യുദ്ധസന്നാഹത്തോടെയാണ് ലഹരിക്കെതിരെ പ്രവർത്തിക്കുന്നത്. സെലിബ്രിറ്റി എന്നോ സിനിമാമേഖലയെന്നോ ഉള്ള പ്രത്യേക പരിഗണനകളൊന്നും ഉണ്ടാവില്ലെന്നും ലഹരി ഉപയോഗത്തിനെതിരെ സമൂഹത്തെ അണിനിരത്തുമെന്നും ശ്രി രാജേഷ് പറഞ്ഞു. (വോയിസ്)

RNU TVPM

അതേസമയം ,ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് ഇന്നലെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടയച്ച നടൻ ഷൈൻ ടോം ചാക്കോയെ നാളെ വീണ്ടും ചോദ്യം ചെയ്യും. എറണാകുളം നോർത്ത് പോലീസ് സ്റ്റേഷനിൽ ഹാജരായ ഷൈനിനെ മൂന്നുമണിക്കൂറിലേറെ ചോദ്യം ചെയ്തതിനു ശേഷമാണു ഇന്നലെ അറസ്റ്റ് ചെയ്തത്. വൈദ്യപരിശോധനയ്ക്കു ശേഷമാണു ജാമ്യത്തിൽ വിട്ടത്.

&&&&&&&&&&&&&&&&&&&&&&&&&&&

## നാലാം വാർഷികാഘോഷം

കേരള സർക്കാരിൻറെ നാലാം വാർഷികാഘോഷത്തിൻറെ ഭാഗമായി നാലിടത്ത് മുഖ്യമന്ത്രി പിണറായി വിജയൻറെ സാന്നിധ്യത്തിൽ മേഖലാ അവലോകനയോഗം നടക്കും. ജില്ലാതലയോഗങ്ങൾക്ക് പുറമേയാണിത്. തിങ്കളാഴ്ച കാസർകോടാണ് വാർഷികാഘോഷത്തിൻറെ തുടക്കം. മേയ് 30 വരെ വിപുലമായ പരിപാടികളാണ് സംഘടിപ്പിക്കുന്നത്.

വാർഷികത്തിൻറെ ഭാഗമായി മുഖ്യമന്ത്രിയുടെ സംവാദപരിപാടി എല്ലാ ജില്ലയിലും നടത്തും.

&&&&&&&&&&&&&&&&&&&&&&&&&&&

## വയനാട് - താക്കോൽദാനം

വയനാട് പരൂർകുന്ന് പുനരധിവാസ മേഖലയിലെ ഭൂരഹിതരായ 123 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ചൊവ്വാഴ്ച താക്കോൽ കൈമാറും. സംസ്ഥാന സർക്കാറിൻറെ നാലാം വാർഷികത്തോടനുബന്ധിച്ചാണ് ചടങ്ങ്.

മേപ്പാടി, മുട്ടിൽ, മൂപ്പൈനാട് ഗ്രാമപഞ്ചായത്തുകളിലെ ഭൂരഹിതരായ കുടുംബങ്ങൾക്ക് 10 സെൻറ് ഭൂമിയിൽ ആറ് ലക്ഷം രൂപ ചെലവിലാണ് വീടുകൾ നിർമ്മിച്ചത്.

&&&&&&&&&&&&&&&&&&&&&&&&&&&

## സഹകരണ എക്സ്പോ

സഹകരണ എക്സ്പോയുടെ മൂന്നാം എഡിഷനു നാളെ തിരുവനന്തപുരത്തു

തുടക്കമാകും.കനകക്കുന്ന് കൊട്ടാരമൈതാനത്താണ് 10 ദിവസം നീണ്ടുനിൽക്കുന്ന പ്രദര്ശനവിപണനമേള നടക്കുക. എക്സ്പോയുടെ ഉദ്ഘാടനം ഈ മാസം 23-നു മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. 2025 അന്തർ ദേശീയ സഹകരണ വർഷമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി കൂടിയാണ് ഇത്തവണത്തെ എക്സ്പോ സംഘടിപ്പിച്ചിരിക്കുന്നത്.കേരളീയ സമ്പദ്‌വ്യവസ്ഥയുടെ പുരോഗതിയിൽ സഹകരണ സംഘങ്ങളുടെ സംഭാവന വിലയിരുത്തുക, ഈ മേഖല പടുത്തുയർത്തിയ മാതൃകകൾ, സാമൂഹികസാമ്പത്തിക വികസനം ലക്ഷ്യമാക്കിയുള്ള പ്രസ്ഥാനത്തിന്റെ വിജയഗാഥകൾ എന്നിവ സമൂഹത്തിലെത്തിക്കുക എന്നിവയാണ് എക്സ്പോയിലൂടെ ലക്ഷ്യമിടുന്നത്.70,000 സ്ക്വയർ ഫീറ്റ് എയർ കണ്ടീഷൻ ചെയ്ത 260 സ്റ്റാളുകളിലായി 400-ൽ പരം സഹകരണ ഉൽപ്പന്നങ്ങളുടെ പ്രദർശനവും, വിപണിയും മേളയുടെ ഭാഗമായി നടക്കും..

RNU TVPM

&&&&&&&&&&&&&&&&&&&&&&&&&&&

## പി പ്രസാദ്

മന്ത്രി പി പ്രസാദിൻറെ നേതൃത്വത്തിൽ അമൃത ആശുപത്രിയുടെ സഹകരണത്തോടെ മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കും.മെയ് നാലിന് ചേർത്തല ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിലാണ് ക്യാമ്പ്. ' രജിസ്ട്രേഷൻ ആരംഭിച്ചു

&&&&&&&&&&&&&&&&&&&&&&&&&&&

## കോന്നി അപകടം

കോന്നി ആനക്കൂട്ടിൽ കോൺക്രീറ്റ് തൂൺ മറിഞ്ഞുവീണ് മരിച്ച അടൂർ കടമ്പനാട് വടക്ക് തോയിപ്പാട്ട് അഭിരാം ഭവനിൽ അജിയുടെയും ശാരിയുടെയും നാലുവയസുകാരൻ മകൻ അഭിരാമിൻറെ സംസ്കാരം ഇന്ന് ഉച്ചയ്ക്ക് വീട്ടുവളപ്പിൽ നടക്കും. പത്തനംതിട്ട ജനറൽ ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരിരുന്ന മൃതദേഹം രാവിലെ വീട്ടിൽ എത്തിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&

## ഐ പി എൽ

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. പഞ്ചാബ് - ബംഗളൂരുവിനേയും, മുംബൈ- ചെന്നൈയെയും നേരിടും. ഇന്നലെ നടന്ന മത്സരത്തിൽ രാജസ്ഥാൻ റോയൽസിനെതിരെ ലഖ്നൗ സൂപ്പർ ജയന്റ്സിന് രണ്ട് റൺ വിജയം. ലഖ്നൗ ഉയർത്തിയ 181 റൺസ് വിജയലക്ഷ്യം പിന്തുടർന്ന രാജസ്ഥാന് അഞ്ചു വിക്കറ്റ് നഷ്ടത്തിൽ 178 റൺസിലെത്താനേ സാധിച്ചുള്ളൂ.

&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

RNU TVPM